DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

23-01-2021

# കാർഷികമേഖലാവാർത്തകൾ

## വൈഗ-അറിയിപ്പ്

കേരളത്തിലെ കർഷകർക്കും കാർഷിക സംരംഭകർക്കും തങ്ങളുടെ ഉൽപന്നങ്ങൾ നേരിട്ട് വിപണിയിലെത്തിക്കുന്നതിനായി വെർച്ചൽ ബിടുബി മീറ്റ് വൈഗയുടെ ഭാഗമായി സംഘടിപ്പിക്കുന്നു. ഏകദേശം 150 ഓളം സംരംഭകരുടെ ഉൽപന്നങ്ങൾ ഈ ബി ടു ബിയിലൂടെ വിറ്റഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. APEDA, നോർക്ക, മറ്റ് ഏജൻസികൾ മുഖേന വിദേശ ഏജൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെ ഏതൊരു സംരംഭകനും ഈ മീറ്റിൽ പങ്കെടുത്ത് ഈ സംവിധാനം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി കർഷകർ വിറ്റഴിക്കാൻ ഉദ്ദേശിക്കുന്ന ഉൽപന്നം എത്രയാണ് എന്നുള്ളതും സംരംഭത്തിന്റെ വിവരങ്ങളും www.keralaagriculture.gov.in എന്ന വെബ് സൈറ്റിലോ **8547641200** എന്ന വാട്ട്സ്ആപ്പ് നമ്പറിലോ രജിസ്റ്റർ ചെയ്യേണ്ടതാണ്. സംരംഭങ്ങളെയും ഉല്പന്നങ്ങളെയും കുറിച്ചുള്ള വിഡിയോകളും കൈമാറേണ്ടതാണ്.

## ക്ഷീര പരിശീലനം മാറ്റിവച്ചു

ക്ഷീര വികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ജനുവരി 27 മുതൽ ഫെബ്രുവരി 6 വരെ നടത്താൻ നിശ്ചയിച്ചിരുന്ന '**ക്ഷീരോൽപന്ന നിർമ്മാണ പരിശീലന**

**പരിപാടി** ചില സാങ്കേതിക കാരണങ്ങളാൽ മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചതായി തിരുവനന്തപുരം പട്ടം ക്ഷീരപരിശീലനകേന്ദ്രത്തിലെ പ്രിൻസിപ്പാൾ അറിയിച്ചു.

## പരിശീലനപരിപാടി.

കേരള കാർഷിക സർവകലാശാല, ഹൈടെക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ ഈ മാസം 28,29 തീയതികളിൽ രാവിലെ 10.30 മുതൽ 12.30 മണി വരെ ഓൺ ലൈനായി നടത്തുന്ന **ഹൈടെക്ക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും** പരിശീലനപരിപാടിയിൽ കാൽ സെന്റിലും അര സെന്റിലും നിർമ്മിച്ചിട്ടുള്ള ഹൈടെക്ക് അടുക്കളതോട്ടത്തിന്റെ നിർമ്മാണവും പരിപാലനവും, ഗ്രോബാഗ് കൃഷി, തിരിനന സംവിധാനം തയ്യാറാക്കൽ, വെർമി കംമ്പോസ്റ്റ് ലഭ്യമാക്കുന്ന മൾട്ടി ടയർ ഗ്രോബാഗ്, പോട്ടിങ്ങ് മിശ്രിതം ഉണ്ടാക്കുക, വിത്ത് പരിപാലനം, ഹൈടെക്ക് രീതിയിൽ നഴ്സറിചെടികൾ ഉണ്ടാക്കുന്ന വിധം, വളപ്രയോഗം, ഒരു വീട്ടിലേക്കാവശ്യമായ ചെടികൾ തിരഞ്ഞെടുക്കൽ, രോഗകീടനിയന്ത്രണം, മണ്ണുപരിപാലനം, വിവിധവിളകളുടെ പരിപാലനം, ജൈവ- ജീവാണു വളങ്ങളുടേയും/കീടനാശിനികളുടേയും ഉപയോഗം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ https://forms.gle/S355E9F3y1PrN5R68 എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്ത 50 പേരെ മാത്രമേ ട്രെയിനിംഗിൽ ഉൾപ്പെടുത്തുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് **0487 – 2960079** എന്ന നമ്പറിൽ രാവിലെ 10.30 മണി മുതൽ 4.00 മണി വരെ ബന്ധപ്പെടുക .

## കോട്ടയം-ക്ഷീരപരിശീലനം

ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വടവാതൂരിലെ കോട്ടയം ജില്ല കോ-ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈസ് യൂണിയൻ കെട്ടിടത്തിൽ വച്ച് **ക്ഷീരോത്പന്ന നിർമ്മാണം** എന്ന വിഷയത്തിൽ ഫെബ്രുവരി 1 മുതൽ 11 വരെ പത്തു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 135 രൂപ. താത്പര്യമുള്ളവർ ഈ മാസം 29-ന് മുമ്പായി 0481-2302223 എന്ന നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണമെന്ന് കോട്ടയം ക്ഷിര പരിശിലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

## പരിശീലനം

ക്ഷീരവകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 28-ന് ശാസ്ത്രീയമായ പശുപരിപാലനം എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി നടത്തും. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 25-ന് മുമ്പായി പരിശീലന കേന്ദ്രത്തിൽ **0471-2440911** എന്ന ഫോൺ നമ്പർ മുഖേനയോ dictvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, പേര്, മേൽവിലാസം, വാട്ട്സാപ്പ് നമ്പർ എന്നിവ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ഓൺലൈൻ പരിശീലന പരിപാടി

കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം **"ജൈവ ജീവാണു വളങ്ങൾ"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന

പരിപാടി ഫെബ്രുവരി ഒന്നിന് തുടങ്ങുന്നു . കോഴ്സിൽ ചേരുന്നതിന് ജനുവരി 31 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി **ഒന്നു** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

## ഉദ്യാന കൃഷി പരിശീലനം

കോഴിക്കോട് കർഷക പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി ആദ്യവാരത്തിൽ **"ഉദ്യാന കൃഷി"** എന്ന വിഷയത്തിൽ 30 **കർഷകർക്ക്** ത്രിദിന പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി താൽപര്യമുള്ള കോഴിക്കോട് ,വയനാട് ജില്ലകളിൽ നിന്നുള്ള കർഷകർ **04952373582 ,9383471793** എന്നീ നമ്പരുകളിൽ 28 28.01.2021 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനു മുൻപ് ഈ കേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. രാവിലെ 10 മുതൽ 5 വരെ മൂന്ന് ദിവസം തുടർച്ചയായി ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.. മുൻഗണന അടിസ്ഥാനത്തിലാണ് കർഷകരെ തിരഞ്ഞെടുക്കുന്നത്.

## റബ്ബർപ്ലാന്റേഷൻ മാനേജ്മെന്റിൽ പരിശീലനം

റബ്ബർകൃഷി, പ്ലാന്റേഷൻ മാനേജ്മെന്റ് എന്നിവ സംബന്ധിച്ച വിവിധ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മൂന്നു ദിവസത്തെ പരിശീലനം ഈ മാസം 27 മുതൽ 29 വരെ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ്

ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: training@rubberboard.org.in.